REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-03-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ച ലോക്സഭാ നടപടികൾ പുനഃരാരംഭിച്ചു.**
- **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വിതരണം ചെയ്യും.**
- **2040 ഓടെ സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനം പൂർണ്ണമായും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലൂടെ യാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **നിയമസഭാ തിരഞ്ഞെടുപ്പിൽ അമ്പലപ്പുഴയിൽ നിന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കുമെന്ന് മുൻമന്ത്രി G.സുധാകരൻ.**
- **FIH വനിതാ ഹോക്കി ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ, നാളെ ഇറ്റലിയെ നേരിടും.**

## വാർത്തകൾ വിശദമായി

ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ച ലോക്സഭാ നടപടികൾ പുനഃരാരംഭിച്ചു. രാവിലെ സഭ ചേർന്ന് ചോദ്യോത്തരവേള ആരംഭിച്ചയുടനെ, വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധമുയർത്തി. ചോദ്യോത്തരവേള പ്രധാനമാണെന്നും, സഭ തുടരാൻ അനുവദിക്കണമെന്ന സ്പീക്കർ ഓം ബിർളയുടെ അഭ്യർത്ഥന പ്രതിപക്ഷം മാനിച്ചില്ല. ഇതേ തുടർന്നാണ് സഭാ നടപടികൾ നിർത്തിവെച്ചത്.

✪✪✪

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വിതരണം ചെയ്യും. അസമിലെ ഗോഹട്ടിയിലെ ചടങ്ങിലാണ് തുക കൈമാറുകയെന്ന്, കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ന്യൂഡൽഹിയിൽ അറിയിച്ചു.

രാജ്യത്തെ ഒമ്പത് കോടി 32 ലക്ഷം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക്, 18,640 കോടി രൂപ പ്രധാനമന്ത്രി കൈമാറുമെന്ന് അദ്ദേഹം പറഞ്ഞു. പദ്ധതി പ്രകാരം നാല് ലക്ഷം കോടിയിലധികം രൂപ, കർഷകർക്ക് കൈമാറിയിട്ടുണ്ട്. പുതിയ ഗഡു കൂടി എത്തുന്നതോടെ, ആകെ വിതരണം ചെയ്ത തുക, നാല് ലക്ഷത്തി 27,000 കോടി രൂപ കവിയുമെന്നും ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി.

✪✪✪

ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുല്ലക്ക് നേരെയുണ്ടായ ആക്രമണത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുമെന്ന് BJP രാജ്യസഭാ നേതാവ് JP നദ്ദ പറഞ്ഞു. രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ ഉന്നയിച്ച വിഷയത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. സംഭവം ഗൗരവമായാണ് ഗവൺമെന്റ് കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഫാറൂഖ് അബ്ദുല്ലയുടെ സുരക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുമെന്നും, അദ്ദേഹത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും JP നദ്ദ സഭയെ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഫ്ലാഗ് ഓഫ് ചെയ്ത പാലക്കാട്-പൊള്ളാച്ചി മെമു ഇന്ന് സർവീസ് ആരംഭിക്കും.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്....

.............(വോയ്സ്).............

✪✪✪

ദണ്ഡിയാത്രാ വാർഷിക ദിനമായ ഇന്ന്, ദണ്ഡി യാത്രയിൽ പങ്കെടുത്ത മഹാത്മാഗാന്ധിക്കും ധീര സ്വാതന്ത്ര്യ സമര സേനാനികൾക്കും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലി അർപ്പിച്ചു. 1930 - ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിച്ച ദണ്ഡി സത്യഗ്രഹം, ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ നിർണായക സംഭവമാണെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

2040 ഓടെ സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനം പൂർണ്ണമായും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലൂടെയാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 60 മെഗാവാട്ട് ഉത്പാദനശേഷിയോടു കൂടിയ പള്ളിവാസൽ വിപുലീകരണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ആദിവാസി ഉന്നതികളിൽ പൂർണ്ണമായും വൈദ്യുതി എത്തിക്കുന്ന തീവ്രശ്രമത്തിലാണ് ഗവൺമെന്റെന്നും KSEB ലാഭത്തിലേക്ക് നീങ്ങുകയാണെന്നും മുഖ്യമന്ത്രി അറിയിച്ചു. പള്ളിവാസൽ വിപുലീകരണ പദ്ധതി സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ വലിയ നാഴികകല്ലായി മാറിയെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷ സാഹചര്യങ്ങൾക്കിടയിലും, ഇന്ത്യയുടെ അസംസ്കൃത എണ്ണ ഇറക്കുമതി സുരക്ഷിതമാണെന്ന്, കേന്ദ്ര പെട്രോളിയം മന്ത്രാലയം. രാജ്യത്തേക്ക് എണ്ണ ഇറക്കുമതിയുടെ 70 ശതമാനവും, ഇപ്പോൾ ഹോർമുസ് കടലിടുക്കിന് പുറത്തെ രാജ്യങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നതെന്ന് പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി, സുജാത ശർമ്മ ന്യൂഡൽഹിയിൽ അറിയിച്ചു.

നിലവിൽ 40 ഓളം രാജ്യങ്ങളിൽ നിന്നാണ് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുന്നത്. ഹോർമുസ് കടലിടുക്ക് വഴി സാധാരണ എത്തുന്നതിനേക്കാൾ കൂടുതൽ അളവ് എണ്ണ, മറ്റ് സ്രോതസ്സുകൾ വഴി ഗവൺമെന്റ് ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

അതേസമയം, ഗൾഫ് മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ സാഹചര്യത്തിൽ ഖത്തറിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരിച്ചെത്തിക്കാൻ ഖത്തർ എയർവേയ്സ് ഇന്ന് ഡൽഹിയിലേക്കും മുംബൈയിലേക്കും രണ്ട് പ്രത്യേക സർവീസുകൾ നടത്തും.

ഇന്നലെ 500-ലധികം ഇന്ത്യക്കാരെ കൂടി തിരിച്ചെത്തിച്ചതായി ഇന്ത്യൻ എംബസി അറിയിച്ചു. ഖത്തർ എയർവേയ്സ് വിമാനങ്ങളിൽ ഇന്നലെ രാത്രിയാണ് ഇവർ ഡൽഹിയിലും മറ്റു നഗരങ്ങളിലും എത്തിച്ചേർന്നത്.

✪✪✪

ഇറാഖിലെ ബസ്രയ്ക്ക് സമീപം, US ഉടമസ്ഥതയിലെ എണ്ണക്കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ, ഒരു ഇന്ത്യൻ ജീവനക്കാരൻ കൊല്ലപ്പെട്ടു. മാർഷൽ ഐലൻഡ്സിന്റെ പതാക വഹിച്ച 'സേഫ്സീ വിഷ്ണു' എന്ന ക്രൂഡ് ഓയിൽ ടാങ്കറിന് നേരെയാണ് ആക്രമണമുണ്ടായതെന്ന് ഇറാഖിലെ ഇന്ത്യൻ എംബസി അറിയിച്ചു.

കപ്പലിലുണ്ടായിരുന്ന മറ്റ് 15 ഇന്ത്യൻ ജീവനക്കാരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയതായി, എംബസി സമൂഹ മാധ്യമ കുറിപ്പിൽ വ്യക്തമാക്കി. ഇറാഖ് അധികൃതരുമായും, രക്ഷപ്പെടുത്തിയ ഇന്ത്യൻ നാവികരുമായും നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്നും എംബസി അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ, താൽകാലിക വിഭാഗങ്ങൾ രൂപീകരിച്ചും, 2 അഡീഷണൽ CEO-മാരെ നിയമിച്ചും ഉത്തരവായി.

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, മീഡിയ വിഭാഗത്തിൽ PB നൂഹ്, തെരഞ്ഞെടുപ്പ് ധനവിനിയോഗം, IT വിഭാഗത്തിൽ ജെറോമിക് ജോർജ് എന്നിവരെയാണ് നിയമിച്ചത്.

തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതുവരെ ഈ ക്രമീകരണം നിലവിലുണ്ടാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

കണ്ണൂർ ഗവ. പോളിടെക്നികിൽ ദേശീയതല ടെക്നോ- കൾച്ചറൽ ഫെസ്റ്റിന് തുടക്കമായി. ISRO യിലെ മുതിർന്ന ശാസ്ത്രജ്ഞനും, HR കോഡിനേറ്ററുമായ C നന്ദകുമാർ ഉദ്ഘാടനം ചെയ്തു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ .......

(വോയ്സ്)...

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ അമ്പലപ്പുഴയിൽ നിന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയായി ജനവിധി തേടുമെന്ന്, മുൻ മന്ത്രി G സുധാകരൻ പറഞ്ഞു. ആരുടെയും പിന്തുണ തേടിയില്ലെന്നും, CPIM ന്റെ പാർട്ടി പരിപാടിയും, പ്രത്യയശാസ്ത്രവും ഉപേക്ഷിച്ചിട്ടില്ലെന്നും, അദ്ദേഹം ആലപ്പുഴയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

പൊളിറ്റിക്കൽ ക്രിമിനലുകളെ ആയുധമാക്കി ചിലർ വ്യക്തിഹത്യ നടത്തുന്നുവെന്നും, വ്യക്തിപരമായി ആക്ഷേപിച്ചാൽ, ശക്തമായി തിരിച്ചടിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പാർട്ടിക്കുവേണ്ടി ജീവിച്ച ആളായതിനാൽ, പാർട്ടിയെ ആക്ഷേപിക്കാനില്ലെന്നും അദ്ദേഹം പറഞ്ഞു. കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിക്കുന്നു. വർഗീയതയുമായി യോജിപ്പില്ലെന്നും, അഴിമതിക്കെതിരെ പോരാട്ടം തുടരുമെന്നും സുധാകരൻ പറഞ്ഞു.

ഒരു പ്രതിപക്ഷ പാർട്ടിയുമായും ചർച്ച നടത്തിയിട്ടില്ലന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

സ്ഥാനാർത്ഥി പട്ടികയ്ക്ക് അന്തിമ രൂപം നൽകാൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം നാളെ തിരുവനന്തപുരത്ത് ചേരും. ഘടകകക്ഷി നേതാക്കളുമായി ചർച്ച ചെയ്തും ചില സീറ്റുകളിൽ സ്വതന്ത്രരെ കണ്ടെത്തിയും പട്ടിക പൂർത്തിയാക്കാനാണ് പാർട്ടി നേതൃത്വത്തിന്റെ ശ്രമം.

✪✪✪

ഹൈദരാബാദിൽ FIH വനിതാ ഹോക്കി ലോകകപ്പിൽ നാളെ സെമിഫൈനലിൽ ഇന്ത്യ, ഇറ്റലിയെ നേരിടും.

പൂൾ B, യോഗ്യതാ മത്സരത്തിൽ ഇന്ത്യ, വെയിൽസിനെ ഒന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചു.

✪✪✪

പൊലീസിലെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച 224 ഉദ്യോഗസ്ഥർക്ക് സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ വൈകിട്ട് ബാഡ്ജ് ഓഫ് ഓണറും കമന്റേഷൻ ഡിസ്ക്കും വിതരണം ചെയ്യും. തിരുവനന്തപുരം തൈക്കാട് പൊലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ്.

✪✪✪

കണ്ണൂർ ആറളം ആദിവാസി പുന:രധിവാസ മേഖലയിൽ തുടർച്ചയായി ഉണ്ടാകുന്ന കാട്ടാന ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട് ആറളം ഫാമിൽ ആരംഭിച്ച 48 മണിക്കൂർ സത്യഗ്രഹ സമരം വൈകീട്ട് അവസാനിക്കും.

ആദിവാസി ഗോത്ര മഹാസഭ, ആദിവാസി ദളിത് മുന്നേറ്റ സമിതി, ആദിവാസി വിമോചന മുന്നണി സംഘടനകളുടെ നേതൃത്വത്തിലാണ് സമരം.

✪✪✪

സംസ്ഥാനത്ത് പകൽ താപനിലയും, അൾട്രാവയലറ്റ് സൂചികയും ഉയർന്ന പശ്ചാത്തലത്തിൽ, ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രതാ നിർദേശത്തിൽ പറയുന്നു.

വിവിധ ജില്ലകളിൽ ഇന്നും ഉയർന്ന താപനിലയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

സിനിമകൾ എന്നും സമൂഹത്തിന്റെ ഐക്യത്തിനും, സ്നേഹത്തിനും വേണ്ടി നിലകൊള്ളണമെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. പുതിയ മാറ്റങ്ങളുടെ കലാസൃഷ്ടിയായി സിനിമ മാറുമ്പോഴും, തെറ്റായ സന്ദേശങ്ങൾ കൈമാറുന്നത് തടയണമെന്നും അദ്ദേഹം പറഞ്ഞു.

മാങ്ങാട്ടുപറമ്പ് കാമ്പസ്സിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.

മേള ഇന്ന് സമാപിക്കും.

✪✪✪

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി, മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ, നാളെ ന്യൂഡൽഹിയിൽ 'യോഗ മഹോത്സവ് - 2026', സംഘടിപ്പിക്കും. 100 സ്ഥലങ്ങളിലും, നഗരങ്ങളിലുമായി 100 സംഘടനകൾ, യോഗയെ പ്രോത്സാഹിപ്പിക്കുന്ന 100 ദിവസത്തെ ആഘോഷ പരിപാടിയാണ് മന്ത്രാലയം തയ്യാറാക്കിയത്.

ഇന്ത്യയുടെ സാംസ്കാരികവും ആത്മീയവുമായ പൈതൃകത്തിന്റെ അവിഭാജ്യ ഘടകമായതിനാൽ, യോഗയെ ലോകമെമ്പാടും സ്വീകരിക്കുന്നത് രാജ്യത്തിന് അഭിമാനകരമാണെന്ന് കേന്ദ്രസഹമന്ത്രി പ്രതാപ്റാവു ജാദവ് പറഞ്ഞു.

✪✪✪

മന്ത്രി വീണ ജോർജിനെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആക്രമിക്കാൻ ശ്രമിച്ചെന്ന സംഭവത്തിൽ ജയിലിൽ കഴിയുകയായിരുന്ന KSU പ്രവർത്തകർക്ക് ജാമ്യം ലഭിച്ചു. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. ഉപാധികളോടെയാണ് ജാമ്യം. KSU ജില്ലാ പ്രസിഡണ്ട് ഉൾപ്പെടെ അഞ്ച് പേർക്കാണ് ജാമ്യം അനുവദിച്ചത്.

✪✪✪

അറ്റകുറ്റപ്പണിക്കായി അടച്ചിട്ട കണ്ണൂർ പാപ്പിനിശ്ശേരി മേൽപ്പാലത്തിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ വിദഗ്ധ സംഘം പരിശോധന ആരംഭിച്ചു. ഒരു സ്പാൻ പൊളിച്ച് പരിശോധിച്ചേക്കും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 360 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 18,960 ലെത്തി- 14,870 രൂപയാണ് ഗ്രാമിന്.

✪✪✪

കണ്ണൂർ ADM ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഭാര്യ നൽകിയ തുടരന്വേഷണ ഹരജിയിൽ വിധി പറയുന്നത് ഈ മാസം 16 ലേക്ക് മാറ്റി. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയുടേതാണ് ഉത്തരവ്.

✪✪✪

ഇന്ന് ലോക വൃക്ക ദിനം. വൃക്കാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, വൃക്ക സംബന്ധമായ രോഗങ്ങൾ നേരത്തേ കണ്ടെത്തേണ്ടതിന്റെയും, പ്രതിരോധത്തിന്റെയും ആവശ്യകതയെക്കുറിച്ചും അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: സയ്യിദ് അലി ശിഹാബ് തങ്ങൾ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*